<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
18-2-2016

# വൈദ്യുതി മന്ത്രിയെ അഭിനന്ദിച്ചു

അപകട മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് അർഹമായ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകിയ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദിനെ അഭിനന്ദിക്കുന്നതായി കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) പ്രസിഡന്റ് കെ.പി.ധനപാലനും ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

സംസ്ഥാന ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന എൽ.റ്റി.സി കെ.എസ്.ഇ.ബി ജീവനക്കാർക്ക് അനുവദിച്ചു. കൂടാതെ യൂണിഫോം അലവൻസ് ഇരട്ടിയിലധിക മാക്കുന്നതുൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് അനുവദിച്ചതോടൊപ്പം ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കി ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനുമുള്ള നടപടി ക്രമങ്ങൾ കരാറിലൂടെ സ്വീകരിച്ച മന്ത്രി തൊഴിലാളികളുടെ മനസ്സ് തൊട്ടറിഞ്ഞ വ്യക്തിത്വമാണെന്ന് സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. ചരിത്രത്തിലാദ്യമായാണ് 2 ദിവസംകൊണ്ട് കരാർ യാതൊരു തർക്കവുമില്ലാതെ പൂർത്തിയാക്കുന്നതും, ഐ.എൻ.റ്റി.യു.സി അംഗീകാരത്തോടെ കരാറിൽ ഒപ്പിടുന്നതുമെന്നും പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578